(സി) താൽക്കാലിക ബുക്ക് സ്റ്റാളുകളും മറ്റ് കച്ചവട സ്ഥാപനങ്ങളും സ്ഥാപിച്ചിട്ടുള്ള സ്ഥലം യാത്രക്കാർക്ക് വിശ്രമിക്കുന്നതിലോ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് വേണ്ടിയോ പ്രയോജനപ്പെടുന്നതല്ല. ഈ സ്ഥലത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന താൽക്കാലിക ഷെഡ്ഡുകൾ നീക്കം ചെയ്താൽ അനധികൃത പാർക്കിംഗ് കൂടുതലായി ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

നെടുമങ്ങാട് ഡിപ്പോയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

154 [611] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. നെടുമങ്ങാട് ഡിപ്പോയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പൂർണ്ണമായും ദേശസാൽകൃത റൂട്ടുകളുള്ള നെടുമങ്ങാട് താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തിരമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്യാരേജ് യാർഡ് കോൺക്രീറ്റ് ചെയ്യുന്നതിനുവേണ്ടി 8,46,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബസ് സ്റ്റേഷൻ ടാർ ചെയ്യുന്നതിനുവേണ്ടി 4,31,000 രൂപ വകയിരുത്തി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് താലൂക്കിലെ യൂണിറ്റുകളായ നെടുമങ്ങാട്, വെള്ളനാട്, ആര്യനാട്, പാലോട്, വെഞ്ഞാറമൂട്, വിതുര എന്നിവിടങ്ങളിൽ നിന്നും പുതിയ 17 സർവ്വീസുകൾ തുടങ്ങുകയുണ്ടായി. ഈ മേഖലയിലെ ഏതെങ്കിലും പ്രദേശങ്ങളിൽ യാത്രാക്ലേശം ഉള്ളതായി അനുഭവപ്പെട്ടാൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. ശ്രദ്ധിക്കുന്നതാണ്. വെള്ളനാട് പുതിയ ബസ് ഡിപ്പോ ആരംഭിച്ചതും, നെടുമങ്ങാട് താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

മെഡിക്കൽ കോളേജ് പരിസരത്ത് കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ

155 [612] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തെ മെഡിക്കൽ കോളേജ് പരിസരത്ത് കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബസ്സ് ഡിപ്പോയ്ക്കായി സ്ഥലം വിലയ്ക്കെടുക്കുന്ന നിർദ്ദേശം തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന തിരുവനന്തപുരം നോർത്ത് എം.എൽ.എ.-യുടെ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയാക്കാമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് പരിസരത്ത് ബസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിനുവേണ്ടിയുള്ള സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ട്രിഡയിൽ നിന്നോ മറ്റു ഏജൻസികളിൽ നിന്നോ സൗജന്യമായി ലഭ്യമായാൽ മാത്രമേ ഇക്കാര്യം പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ.

(ബി) തലസ്ഥാന നഗരവികസന ഫണ്ടിൽ ഉൾക്കൊള്ളിച്ച് മെഡിക്കൽ കോളേജിന്റെ പരിസരത്ത് മൂന്നേക്കർ സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ചാത്തന്നൂർ ബസ് സ്റ്റേഷനിലെ ഡീസൽ പമ്പിന്റെ നിർമ്മാണം

156 [613] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ ഡീസൽ പമ്പിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംരംഭത്തിനായി എക്സ്പ്ലോസീവ് ലൈസൻസ് നേടി എടുക്കുന്നതിൽ കാലതാമസം നേരിടുവാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ലൈസൻസ് നേടിയെടുക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഡീസൽ പമ്പ് 2006 ഫെബ്രുവരി മാസത്തിൽതന്നെ ഉദ്ഘാടനം നടത്തുവാൻ കഴിയുമോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എച്ച്.എസ്.ഡി.പി. പമ്പിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) ലൈസൻസിന് വേണ്ടിയുള്ള അപേക്ഷ ചെന്നൈയിലുള്ള എക്സ്പ്ലോസീവ് ജോയിന്റ് കൺട്രോളർക്ക് വളരെ മുൻപ് തന്നെ സമർപ്പിച്ചിട്ടുണ്ട്. ഇത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകളും അയച്ചിട്ടുണ്ട്. ലൈസൻസ് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾക്ക് കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടായിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) ലൈസൻസ് ലഭ്യമായാലുടൻ തന്നെ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly